എടക്കര എ.എസ്.വി.യു.പി. സ്കൂളിലെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തുക

154(448) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ എടക്കര എ.എസ്.വി.യു.പി. സ്കൂളിലെ വാർഷിക അറ്റകുറ്റപണികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്തിന് പ്രത്യേക ഫണ്ടായി അനുവദിക്കുന്നതിനും, ഗ്രാമപഞ്ചായത്തിന് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിൽനിന്നും ആവശ്യമായ തുക ചെലവഴിക്കുന്നതിനും പ്രത്യേക അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി തസ്തിക ഏകീകരണം

155(447) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി തസ്തിക ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി സെക്രട്ടറി തസ്തികകൾ ഏകീകരിക്കുന്ന കാര്യത്തിലും ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വയനാട് ജില്ലയിലെ നഗരവികസന പരിപാടികൾ

156(448) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പദ്ധതി ഇനത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന നഗരവികസന പരിപാടികളുടെ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly